തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി

123 [3514] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് പറയാമോ;

(ബി) ജനറൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ എത്ര ഒഴിവുകളാണുള്ളത്;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിലെ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ താഴെ ചേർക്കുന്നു.

വിഭാഗം	പ്രൊഫസർ	അസ്സോ. പ്രൊഫസർ	അസിസ്റ്റന്റ് പ്രൊഫസർ	ലക്ചറർ
ജനറൽ മെഡിസിൻ	1	–	1	3
യൂറോളജി	–	–	–	1
നെഫ്രോളജി	–	–	1	–
റേഡിയോ ഡയഗ്നോസിസ്	–	–	1	–
ടി.ബി. & ചെസ്റ്റ് ഡിസീസ്	–	–	–	4
ന്യൂറോ സർജറി	–	1	4	4
പീഡിയാട്രിക്സ് സർജറി	–	1	–	1
ജനറൽ സർജറി	–	–	3	7
പീഡിയാട്രിക്സ്	1	1	–	3
ഫിസിക്കൽ മെഡിസിൻ	–	–	1	–
സൈക്യാട്രി	–	–	–	2
ഗൈനക്കോളജി	–	1	–	4
ഇ. എൻ. ടി.	–	–	–	3
റേഡിയോ തെറാപ്പി	–	–	1	–
അനസ്തേഷ്യ	–	–	–	8

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനറൽ മെഡിസിനിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.

പ്രൊഫസർ	..	1
അസിസ്റ്റന്റ് പ്രൊഫസർ	..	1
ലക്ചറർ	..	3

(സി) പ്രൊഫസർ തസ്തികയിലെ ഒഴിവ് നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് പ്രമോഷൻ യോഗ്യത നേടിയ ഡോക്ടർമാർ നിലവിലില്ല. ലക്ചറർമാരുടെ ഒഴിവുകളിലേക്ക് പി. എസ്. സി. അഡ്വൈസ് ലഭിച്ചാലുടൻ നിയമനം നടത്തുന്നതാണ്.

ഗവൺമെന്റ് നഴ്സിംഗ് കോളേജ് അദ്ധ്യാപകരുടെ അവധിമൂലമുള്ള ഒഴിവുകൾ

124 [355] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിൽ വിവിധ തസ്തികകളിൽ എത്ര വീതം ഒഴിവുകളുണ്ടെന്ന് തസ്തികയും സ്പെഷ്യാലിറ്റിയും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തസ്തികകളിലെ ഒഴിവുകൾ, ഗവ. നഴ്സിംഗ് കോളേജ് അദ്ധ്യാപകർ ശൂന്യവേതന അവധി എടുത്ത് സ്വാശ്രയ കോളേജുകളിൽ പഠിപ്പിക്കുന്നതുമൂലം ഉണ്ടായതാണെന്ന വെളിപ്പെടുത്തുമോ;

(സി) ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി തിരിച്ച് നിയമിക്കാറില്ല. വിവിധ തസ്തികകളിലെ ഒഴിവുകൾ താഴെ പറയും പ്രകാരമാണ്.

ലക്ചറർ	..	11
അസിസ്റ്റന്റ് പ്രൊഫസർ	..	2
അസോസിയേറ്റ് പ്രൊഫസർ	..	2
പ്രൊഫസർ	..	2

LIBRARY ARCHIVES Kerala Legislative Assembly